23352/MP3/11/WRD

# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5146 24.10.2011-ൽ മറുപടിയ്ക്ക്

## മലബാർ മേഖലയിലെ ജലസേചന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.ഷാജി<br>ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. സി.മോയിൻകുട്ടി | | ശ്രീ. പി.ജെ.ജോസഫ്<br>( ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മലബാർ മേഖലയിൽ നടന്നുവരുന്ന ജലസേചന പദ്ധതികളുടെ പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനും പ്രവർത്തനതടസ്സങ്ങളുണ്ടായാൽ അവ നീക്കുന്നതിനും ഏർപ്പെടുത്തിയിട്ടുളള സംവിധാനങ്ങളുടെ വിശദവിവരം നൽകാമോ; | (എ) | മലബാർ മേഖലയിൽ നടന്നുവരുന്ന ജലസേചന പദ്ധതികളുടെ പുരോഗതി കാലാകാലങ്ങളിൽ ഡിപ്പാർട്ട്മെന്റ് തലത്തിൽ വിലയിരുത്തുന്നുണ്ട്. പ്രവർത്തി നടക്കുന്ന സമയത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ. അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ സ്ഥലം സന്ദർശിച്ച് പ്രവർത്തിയുടെ പുരോഗതി നേരിട്ട് വിലയിരുത്തുകയും ശ്രദ്ധയിൽപ്പെടുന്ന കാര്യങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതുമാണ്. പദ്ധതിയുടെ പുരോഗതിയിൽ തടസ്സം നേരിട്ടാൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നീ അധികാരികൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കാറുണ്ട്. മലബാർ പാക്കേജിൽ വരുന്ന പദ്ധതികളിൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും പദ്ധതി പ്രവർത്തനങ്ങളിൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കൂടി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. |
| (ബി) | ഏതൊക്കെ പദ്ധതികളാണ് ഇപ്പോൾ നടന്നുവരുന്നതെന്നും അവയോരോന്നിന്റെയും അടങ്കൽ, പ്രവർത്തന സ്റ്റേജ്, ഇതുവരെ ചെലവഴിച്ച തുക, പൂർത്തിയാക്കാൻ പ്രതീക്ഷിക്കുന്ന കാലം എന്നിവ സംബന്ധിച്ച വിശദവിവരം നൽകാമോ; | (ബി) | ഇപ്പോൾ നടന്നു വരുന്ന പദ്ധതികളെ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതികളിൽ നിന്നുള്ള ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന കാര്യത്തിൽ, ഫീൽഡിലെ ആവശ്യകത കണക്കിലെടുത്തിട്ടുണ്ടോ; കൃഷി വകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതിനും തദനുസരണമായ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള സംവിധാനം വിശദമാക്കുമോ; | (സി) | കണക്കിലെടുത്തിട്ടുണ്ട്. ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന കാര്യത്തിൽ കൃഷി വകുപ്പുമായി ആലോചിച്ചിട്ടാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ബന്ധപ്പെട്ട പാടശേഖര സമിതി ഫീൽഡിലെ ആവശ്യകതയെ സംബന്ധിച്ച് ചർച്ച നടത്താറുണ്ട്. പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് കൃഷിവകുപ്പുമായി ബന്ധപ്പെട്ട്, പദ്ധതി പ്രാവർത്തികമായാൽ കാർഷിക വിളകൾക്ക് ലഭിക്കാവുന്ന ഉൽപ്പാദന വർദ്ധനവ് കണക്കാക്കി വരാറുണ്ട്. |
| (ഡി) | നടപ്പുപദ്ധതികൾ യഥാകാലം പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദ വിവരവും നിലനിൽക്കുന്ന കാതലായ തടസ്സങ്ങളെ സംബന്ധിച്ച വിശദവിവരവും നൽകാമോ? | (ഡി) | നടപ്പു പദ്ധതികൾ യഥാകാലം പൂർത്തിയാക്കുവാൻ ബന്ധപ്പെട്ടവരുമായി യോജിച്ച് നടപടികൾ കൈക്കൊളളാറുണ്ട്. ഈ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ ഏറെയും പുഴകളും തോടുകളുമായി ബന്ധപ്പെട്ടതാകയാൽ ക്രമം തെറ്റിയുള്ള കാലവർഷം പലപ്പോഴും പ്രവർത്തി യഥാസമയം പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടാറുണ്ട്. അനുകൂല കാലാവസ്ഥ ലഭിക്കുന്ന സാഹചര്യങ്ങളിൽ എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി നടന്നു വരുന്നുണ്ട്. സാങ്കേതിക തടസ്സങ്ങൾ ഇല്ലാതിരിക്കുന്നതിന് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്ന സമയത്ത് പരമാവധി പരിശോധനകൾ നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | പേര് | അടങ്കൽ തുക | ഇതുവരെ ചെലവഴിച്ച തുക | പ്രവർത്തന സ്റ്റേജ് | പൂർത്തിയാക്കാൻ പ്രതീക്ഷിക്കുന്ന കാലം(വർഷം) |
|---|---|---|---|---|---|
| 1 | ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് | 134.40 (റിവൈസ്ഡ്) | 120.02 കോടി | 81.70% | 2011 ഡിസംബർ |
| 2 | ബാണാസുര സാഗർ പദ്ധതി | 37.88കോടി (ഒറിജിനൽ) (185.50 SOR 2010) | 38.59കോടി | ** | 2017 |
| 3 | കാരാപ്പുഴ പദ്ധതി | 760 ലക്ഷം (ഒറിജിനൽ) (441.50 SOR 2010) | 283.95കോടി | *** | 2013-14 |
| 4 | പലകപാണ്ടി പദ്ധതി | 12.90കോടി | 9.68 കോടി | അവസാന ഘട്ടത്തിലാണ്. | 2011 ഡിസംബർ |
| | **ERM** | | | | |
| 1 | മലമ്പുഴ | 11.08 കോടി | 9.556 കോടി | അവസാന ഘട്ടത്തിലാണ് | 2011 ഡിസംബർ |
| 2 | ചിറ്റൂർപ്പുഴ | 34.57 കോടി | 7.63 കോടി | പ്രവർത്തികൾ പുരോഗമിച്ചു വരുന്നു | 2012 മാർച്ച് |
| 3 | കാഞ്ഞിരപ്പുഴ | 29.58 കോടി | 17.88 കോടി | പ്രവർത്തികൾ പുരോഗമിച്ചു വരുന്നു | 2012 മാർച്ച് |
| | **MIRPA** | | | | |
| 1 | കുറ്റ്യാടി | 35 23 കോടി | 15.996 കോടി | പ്രവർത്തികൾ പുരോഗമിച്ചു വരുന്നു | 2012 മാർച്ച് |

**2) ബാണാസുര സാഗർ പദ്ധതി പ്രവർത്തന സ്റ്റേജ്:

രണ്ട് അക്വഡക്ട് ഒഴികെ മെയിൻ കനാൽ പൂർത്തീകരിച്ചു. ബ്രാഞ്ച് കനാലുകളുടെ പണി പുരോഗമിച്ചു വരുന്നു. സ്ഥലമെടുപ്പും പുരോഗമിച്ചു വരുന്നു.

***3) കാരാപ്പുഴ പദ്ധതി പ്രവൃത്തന സ്റ്റേജ്.

ലെഫ്റ്റ് ബാങ്ക് & റൈറ്റ് ബാങ്ക് കനാലുകൾ പൂർത്തീകരിച്ചു. ഹെഡ് വർക്സ് പൂർത്തിയായി. ബ്രാഞ്ച് കനാലിന്റെ 80%, ഡിസ്ട്രിബ്യൂട്ടറിയുടെ പ്രവൃത്തികൾ 8.52% പൂർത്തീകരിച്ചു.